"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ഹരികുമാർ.ഡി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.ഉജ്ജ്വൽ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുവാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.253/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

---

പരാമർശം:-

1. ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/05/1999.
2. സർക്കുലർ നം 6678/ഉപ.സി2/2004/ഉ.ഭ.പ.വ തീയതി 18/05/2004
3. ശ്രീ.ഉജ്ജ്വൽ .പി യുടെ മാപ്പപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 25.02.2022,26.07.2022 എന്നീ തീയതികളിലെ PAN/1819/2022-e14(DP) നം. കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ഹരികുമാർ.ഡി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.ഉജ്ജ്വൽ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ക്ലാർ ക്ക് ആയിരിക്കേ 23.08.2006 ൽ മരണമടഞ്ഞ ഹരികുമാർ.ഡി എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.ഉജ്ജ്വൽ പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചത് 13.10.2021 ലാണ്. അപേക്ഷകന്റെ ജനനതീയതി 30.04.1999 ആണ്. അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൻ 1 വർഷവും 5 മാസം 13 ദിവസവും കാലതാമസം വരുത്തിയിട്ടുണ്ട്.

പരാമർ ശം (1) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 1 9 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് 2 വർഷത്തിനകമോ ആശ്രിതൻ മൈനറാണെങ്കിൽ പ്രായ പൂർത്തിയായി 3 വർഷത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ അപേക്ഷകൻ 1 വർഷവും 5 മാസം 13 ദിവസവത്തിന്റെ കാലതാമസം വരുത്തിയിട്ടുണ്ട്. 2006-ൽ ടിയാന്റെ പിതാവായ ഹരികുമാർ.ഡി